**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3378** **04-08-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണപ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മാണസാമഗ്രികളുടെ വിലവർദ്ധന കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങളാകെ സ്തംഭനാവസ്ഥയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന ഒരു പൊതുവിഷയമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളാകെ സ്തംഭനാവസ്ഥയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് സമയത്തെ ലോക്ക്ഡൗണുകളിലൂടെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നിലനിന്നിരുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത്, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസം നീട്ടിനൽകിയിട്ടുണ്ട്. കൂടാതെ നിലവിലെ സാഹചര്യം പരിഗണിച്ച് ടെൻഡർ എക്സസ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |
| (ബി) | ടാറിന്റെ വിലവർദ്ധന മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുപണികൾ ആരും ഏറ്റെടുക്കാൻ തയ്യാറാകാത്ത അവസ്ഥയുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ടാറിന്റെ വിലവർദ്ധന മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുപണികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നുണ്ട്. 30.04.2021 ലെ സ.ഉ.(സാധാ) നം. 3815/2021/ഫിൻ ഉത്തരവ് പ്രകാരം ബിറ്റുമിന്റെ വിലയിലുള്ള വ്യത്യാസം കരാറുകാർക്ക് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പുതുക്കിയ മാർക്കറ്റ് നിരക്കനുസരിച്ചിട്ടുള്ള ബിറ്റുമിൻ നിരക്കും പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അനുവദിച്ചിട്ടുള്ളതുമാണ്. |
| (സി) | നിർമ്മാണപ്രവൃത്തികൾക്ക് കേരള ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ; റോഡ് വർക്കുകൾക്കായി ടാർ മിക്സിംഗ് പ്ലാന്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് | (സി) | നിർമ്മാണ പ്രവർത്തികൾക്ക് നിലവിൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് ആണ് ബാധകമാക്കിയിട്ടുള്ളത്. കേരള ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിച്ച് പ്രാബല്യത്തിൽ വരുത്തുന്ന |

| | | | |
|---|---|---|---|
| | നൽകാത്ത സ്ഥിതിയുണ്ടെങ്കിൽ ആയതിന് പരിഹാരം കണ്ടെത്തുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. ടാർ മിക്സിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനെതിരെ പ്രദേശവാസികളിൽ നിന്നും ശക്തമായ എതിർപ്പ് ഉണ്ടാകുന്ന സാഹചര്യം നിലവിലുണ്ട്. എന്നിരുന്നാലും 1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള പട്ടികയിൽ ക്രമനമ്പർ 117 ആയി ടാർ സംഭരിച്ച് വെയ്ക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുയോ ഉരുക്കുകയോ വില്പന നടത്തുകയോ ചെയ്യൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി ചട്ടങ്ങൾ പ്രകാരവും കേരള പഞ്ചായത്ത് രാജ് വകുപ്പിലെ സെക്ഷൻ 232,233 എന്നീ വകുപ്പുകൾ പ്രകാരവും, കെട്ടിടനിർമാണ ചട്ടം റൂൾ 68 പ്രകാരവും, ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കുകയാണെങ്കിൽ, ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി ടാർ മിക്സിംഗ് പ്ലാന്റുകൾക്ക് അനുമതി നൽകാവുന്നതാണ്. ടാർ മിക്സിംഗ് പ്ലാന്റുകൾക്ക് അനുമതി നൽകുന്നതിന് നിലവിൽ നിയമതടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ